**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3271** **08-10-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിൽ റോഡുകൾ ഇല്ലാത്തത് കാരണം ഉണ്ടായ പ്രതിസന്ധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇടമലക്കുടി അടക്കമുള്ള ആദിവാസി മേഖലകളിൽ റോഡുകൾ ഇല്ലാത്തത് കാരണം ആശുപത്രികളിൽ എത്താൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ആദിവാസി മേഖലകളിലെ റോഡ് നിർമ്മാണത്തിനായി നിലവിൽ പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പിന്റെ പ്രത്യേക ഭരണാനുമതി പ്രകാരമാണ് പ്രവൃത്തികൾ നടക്കുന്നത്. ഇടമലക്കുടി ആദിവാസി മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. ഇവ പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പിന്റെ പ്രത്യേക ഭരണാനുമതി പ്രകാരമാണ് നടപ്പിലാക്കുന്നത്.<br><br>1. ഇടമലക്കുടി പഞ്ചായത്തിലെ പെട്ടിമുടി മുതൽ ഇഡ്ഡലിപ്പാറക്കുടി വരെ 7.7 കി. മീറ്റർ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി – നിലവിൽ 4.5 കി. മീറ്റർ കോൺക്രീറ്റിംഗ് പൂർത്തീകരിച്ചിട്ടുള്ളതാണ്. ബാക്കി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2. പീരുമേട് നിയോജകമണ്ഡലത്തിലെ വള്ളക്കടവ് മുതൽ വഞ്ചിവയൽ ആദിവാസി ഉന്നതിയിലേയ്ക്കുള്ള 4 കി. മീറ്റർ റോഡിന്റെ പുനരുദ്ധാരണം – പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| (ബി) | ഇടമലക്കുടി അടക്കമുള്ള ആദിവാസി മേഖലകളിൽ റോഡുകൾ നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | ആദിവാസി മേഖലകളിലെ റോഡ് നിർമ്മാണത്തിനായി നിലവിൽ പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പിന്റെ പ്രത്യേക ഭരണാനുമതി പ്രകാരമാണ് പ്രവൃത്തികൾ നടക്കുന്നത്. ഇടമലക്കുടി ആദിവാസി മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. ഇവ പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പിന്റെ പ്രത്യേക ഭരണാനുമതി പ്രകാരമാണ് നടപ്പിലാക്കുന്നത്.<br><br>1. ഇടമലക്കുടി പഞ്ചായത്തിലെ പെട്ടിമുടി മുതൽ ഇഡ്ഡലിപ്പാറക്കുടി വരെ 7.7 കി. മീറ്റർ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി – നിലവിൽ 4.5 കി. മീറ്റർ |

| | | | |
|---|---|---|---|
| | | | കോൺക്രീറ്റിംഗ് പൂർത്തീകരിച്ചിട്ടുള്ളതാണ്. ബാക്കി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2. പീരുമേട് നിയോജകമണ്ഡലത്തിലെ വള്ളക്കടവ് മുതൽ വഞ്ചിവയൽ ആദിവാസി ഉന്നതിയിലേയ്ക്കുള്ള 4 കി. മീറ്റർ റോഡിന്റെ പുനരുദ്ധാരണം – പ്രവൃത്തി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ